**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3538** **05-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവു കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി ലാഭവിഹിതം എത്രയാണ്; വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ലാഭവിഹിതം നൽകിയിട്ടുള്ളത്. പ്രസ്തുത കമ്പനികൾ നൽകിയിട്ടുള്ള ലാഭവിഹിതത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യായുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന |

| | | | |
|---|---|---|---|
| | | | സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ, വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെ ആയിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| (ഡി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം |

| | |
|---|---|
| ലാഭകരമാക്കുവാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യായുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ, വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെ ആയിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതാത് മേഖലകളിലെ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദഗ്ധർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ